പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ. *78

10.02.2016 -ലെ മറുപടിയ്ക്ക്

## പൂട്ടിയ തോട്ടങ്ങൾ തുറക്കുന്നതിനുള്ള കർമ്മപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ ; | (എ) കേരളത്തിൽ ആകെ 647 തോട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തിരുവനന്തപുരത്ത് ബോണക്കാട് എസ്റ്റേറ്റ്, വിതുര ഗോകുൽ എസ്റ്റേറ്റ്, ഇടുക്കിയിൽ എം.എം.ജെ പ്ലാന്റേഷൻസിന്റെ ബോണാമി, കോട്ടമല എസ്റ്റേറ്റുകൾ തൊടുപുഴയിൽ മേത്താനത്ത് എസ്റ്റേറ്റുമാണ് പൂട്ടികിടക്കുന്നത്. പൂട്ടികിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐആർ) തലത്തിലും ലേബർ കമ്മീഷണറുടെ നേതൃത്വത്തിലും ചർച്ചകൾ നടത്തിവരുന്നുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) പൂട്ടികിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും നല്ലൊരു വ്യവസായബന്ധം സ്ഥാപിക്കുന്നതിനും ഉദ്ദേശിച്ചാണ് തൊഴിൽ വകുപ്പ് പ്രവർത്തനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ